# അക്കമഹാദേവി

വിനയ ചൈതന്യ



അക്കമഹാദേവി
വിനയ ചൈതന്യ
(മലയാളം പരിഭാഷ: കവിതകൾ)

© 2020, Vinaya Chaitanya

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Sculpture, Shiva as the Destroyer of the Three Cities of the Demons (Tripurantaka), Sandalwood with silver fittings, a photograph by N. Sivappa. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആമുഖം

“ആദ്യരുടെ അറുപതുവചനത്തിന്
ദണ്ണായകരുടെ ഇരുപതുവചനം!
ദണ്ണായകരുടെ ഇരുപതുവചനത്തിന്
പ്രഭുദേവരുടെ പത്തുവചനം!
പ്രഭുദേവരുടെ പത്തുവചനത്തിന്
അജഗണ്ണന്റെ അഞ്ചുവചനം!
അജഗണ്ണന്റെ അഞ്ചുവചനത്തിന്
കൂടലചന്നസംഗയ്യനിൽ
മഹാദേവിയക്കഗളുടെ ഒരു വചനം നിർവ്വചനം,
കാണൂ സിദ്ധരാമയ്യാ”...



അക്കന്റെ സമകാലീനനും, പ്രസിദ്ധവചനകാരനുമായ ചന്നബസവണ്ണന്റെ ഒരു വചനമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. അക്കന്റെ വചനങ്ങളെ മറ്റു വചനകാരന്മാർ എങ്ങനെ കണ്ടുവെന്നതിന് നല്ലൊരുദാഹരണമാണ് ഈ വചനം. ഇതിൽ പരാമർശിക്കപ്പെടുന്ന വചനകാരന്മാർ കന്നഡത്തിൽ സുപ്രസിദ്ധരാണ്. ‘ആദ്യർ’ എന്നറിയപ്പെടുന്ന ‘ആദയ്യ’യാണ് ആദ്യവചനകാരനായി അറിയപ്പെടുന്നത്. ‘എനിക്കു തോന്നിയ പോലെ ഞാൻ പാടും’ എന്നു സധൈര്യം പറയുകമാത്രമല്ല, മനുഷ്യമനസ്സിന്റെ ഉയരങ്ങളും ആഴങ്ങളും സാമൂഹിക ഉച്ചനീചത്വങ്ങൾക്ക് അതീതമായി എല്ലാവർക്കും പ്രാപ്യമാണെന്നും ആദ്ധ്യാത്മികതത്വങ്ങൾ പ്രതിപാദിക്കുന്നതിന് സംസ്കൃതംപോലെ നാട്ടുഭാഷകളും തികച്ചും പര്യാപ്തങ്ങളാണെന്നും തെളിയിക്കുകവഴി, യാഥാസ്ഥിതികത്വത്തോടുള്ള വെല്ലുവിളിയായിട്ടാണ് പത്താംനൂറ്റാണ്ടിൽ വചനങ്ങളുടെ ആവിർഭാവം കന്നഡയിലുണ്ടായത്. എല്ലാവരും ശിവന്റെ മക്കളാണെന്നും സോദരങ്ങൾക്കിടയിൽ അസമത്വങ്ങളില്ലെന്നും ഈ സത്യം എല്ലാ വീര്യത്തോടുംകൂടി അനുഷ്ഠിക്കേണ്ടതാണെന്നും ഈ ശിവശരണർ വിശ്വസിച്ചു. ഇവരിൽ പ്രമുഖരായിരുന്ന വീരശൈവമതസ്ഥാപകനായി ഗണിക്കപ്പെടുന്ന ശ്രീബസവേശ്വരൻ, അദ്ദേഹത്തിന്റെ ഗുരുവായി കരുതപ്പെടുന്ന അല്ലമപ്രഭു, തന്റെ നിഷ്ഠയിൽ എല്ലാവരേയും അതിശയിച്ച അജഗയ്യ തുടങ്ങി മേലുദ്ധരിച്ച വചനത്തിൽ പറയുന്ന ശരണർ.

പത്തുമുതൽ പതിനാലാം നൂറ്റാണ്ടുവരെ കർണ്ണാടകത്തിൽ വലിയൊരു മാറ്റം വരുത്താൻ വീരശൈവപ്രസ്ഥാനത്തിനു കഴിഞ്ഞു. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബസവണ്ണനെ സ്ഥാപകനായി കരുതുന്നുവെങ്കിലും പുരാതനമാണ് ഈ മാർഗ്ഗമെന്നും, ജനതയുടെ ആദിബോധത്തിൽ ഉറങ്ങുന്ന ‘ശിവജ്ഞാന’ത്തെ തൊട്ടുണർത്തുക മാത്രമേ തങ്ങൾ ചെയ്യുന്നുള്ളുവെന്നും ഇവർ പറയുന്നു. തമിഴ്നാട്ടിലെ നയിനാർമാരെ പുരാതനരെന്നു വിളിക്കുന്ന ഇവർ ഭാരതത്തിൽ പണ്ടുമുതൽ നിലനിന്നിരുന്ന ശൈവപാരമ്പര്യത്തെത്തന്നെ പുനരുദ്ധരിക്കയാണു ചെയ്തത്. ‘ദേഹം തന്നെ ദേവാലയം’, ‘കർമ്മം തന്നെ കൈലാസം’ തുടങ്ങിയ വചനങ്ങൾ ആദ്യനോട്ടത്തിൽ തികച്ചും ലളിതമെന്നു തോന്നാമെങ്കിലും അവ പൗരോഹിത്യമേൽക്കോയ്മയുടെ വിഗ്രഹാരാധന, തൊഴിലനുസരിച്ചുള്ള ജാതിശ്രേണീകരണം, തുടങ്ങിയ ജഡിലതകൾക്കെതിരേ ശക്തമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ടെന്നത് ശ്രദ്ധേയമാണ്. ബ്രാഹ്മണ്യത്തിന്റെ അത്തരം യാഥാസ്ഥിതികത്വത്തിനു മറുവശമായെന്നോണം സാമ്പ്രദായികമായതിനെയെല്ലാം നിഷേധിക്കുന്ന ജൈനപാരമ്പര്യവും അന്നത്തെ കർണ്ണാടകത്തിൽ പ്രബലമായിരുന്നു. ഇസ്ലാംമതവും അതു വാഗ്ദാനംചെയ്ത സാമൂഹിക സമത്വവും അതേകാലത്ത് ജനങ്ങളെ ആകർഷിച്ചു തുടങ്ങിയിരുന്നു. ഇതിനെത്തടയാൻ ശ്രമിച്ച നവോത്ഥാനമായിരുന്ന ‘ഭക്തിപ്രസ്ഥാന’മെന്ന്, വീരശൈവപ്രസ്ഥാനത്തെയും അതിന്റെ ഭാഗമായാണ് കാണേണ്ടതെന്ന്, അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ ആയിരക്കണക്കിന് ‘ശരണരും’ ജാതി-മത ഭാഷാ ലിംഗഭേദങ്ങളില്ലാതെ തികഞ്ഞ സാമൂഹിക (രാഷ്ട്രീയ) ബോധത്തോടെ ഒരുമിച്ചുജീവിച്ചിരുന്ന, ആഴമറ്റ ജ്ഞാനസംവാദങ്ങളും മറ്റും എത്രയും സജീവമായിരുന്ന ‘അനുഭവമണ്ഡപ’ത്തിന്റെ മൂല്യമാനങ്ങൾ ‘ഭക്തിപ്രസ്ഥാന’മെന്ന അക്കാദമിക് സംവർഗത്തിന് (category) ഉൾക്കൊള്ളാവതല്ല.

കാശ്മീരം മുതൽ കേരളം വരെയുള്ളിടങ്ങളിൽനിന്നുവന്ന ‘ശരണരി’ൽ പലരുടെയും വചനങ്ങൾ നാമമാത്രമായെങ്കിലും അവശേഷിക്കുന്നുണ്ട്. കേരളത്തിൽനിന്നുവന്ന ‘ഗുഗ്ഗവ്വ’യുടെ (കുക്കുമ്മ?) പേരു് ഇവിടെ സ്മരണീയമാണ്. ‘ധൂപകായകദ ഗുഗ്ഗവ്വ’യുടേതെന്നറിയപ്പെടുന്ന (ധൂപം പുകയ്ക്കൽ തൊഴിലാക്കിയ ഗുഗ്ഗവ്വ) നാലഞ്ചുവചനങ്ങളുണ്ട്. ‘ശൂന്യസമ്പാദനെ’ എന്നറിയപ്പെടുന്ന ഗ്രന്ഥങ്ങളിലാണ് വചനകാരരായ പലരുടെയും പേരുകൾ പറയുന്നത്; എങ്കിലും അവരുടെയെല്ലാം വചനങ്ങൾ കണ്ടുകിട്ടിയിട്ടില്ല. ഓലഗ്രന്ഥങ്ങൾ സൂക്ഷിക്കാനുള്ള പ്രയാസവും (ചിതലിനു പ്രസിദ്ധമാണ് കർണ്ണാടകം) കാലത്തിന്റെ മഹത്വവും ഇതിനു കാരണമായിരിക്കാം. ഏതായാലും അക്കമഹാദേവിയുടേതായി ഏതാണ്ട് നാനൂറ്റിഇരുപതു വചനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ലഭ്യമായ എല്ലാ വചനസംഗ്രഹങ്ങളും താളിയോലകളും പരിശോധിച്ച്, താരതമ്യങ്ങളും പഠനങ്ങളും നടത്തി വചനസാഹിത്യമണ്ഡലത്തിൽ തന്റെ ചിരമുദ്ര പതിപ്പിച്ച പ്രൊഫ. (ഡോ.) എൽ. ബസവരാജു സംശോധനം ചെയ്ത്, ഗീതാ ബുക്ക് ഹൗസ് (മൈസൂർ) പ്രകാശിപ്പിച്ചിട്ടുള്ള അക്കന്റെ വചനങ്ങൾ (അക്കന വചനഗളു) എന്ന ഗ്രന്ഥത്തിൽ നിന്നുള്ളവയാണ് ഞാൻ ഇവിടെ വിവർത്തനം ചെയ്തിരിക്കുന്ന വചനങ്ങൾ. ഇവയിൽ ഇരുനൂറ്റിമൂന്ന് വചനങ്ങൾ ഈ ലേഖകൻ പരിഭാഷ ചെയ്തത് Songs For Siva എന്ന പേരിൽ Yale University Press പ്രസിദ്ധീകരിച്ചിട്ടുണ്ട്. (എന്റെ അറിവിൽപ്പെട്ടിടത്തോളം) കന്നഡത്തിൽനിന്ന് നേരിട്ട് മലയാളത്തിലേക്ക് ഇതാദ്യമായാണ് അക്കന്റെ വചനങ്ങൾ വിവർത്തനം ചെയ്യപ്പെടുന്നത്. (ശ്രീ. ഡി. വിനയചന്ദ്രനും, ശ്രീ. എം. രാമയുമടങ്ങിയവർ ചേർന്നു ചെയ്തതും സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചതുമായ വചനങ്ങളെ വിസ്മരിക്കുന്നില്ല). ശ്രീ. എ. കെ. രാമാനുജൻ വിവർത്തനം ചെയ്ത് ‘പെൻഗ്വിൻ’ പുറത്തിറക്കിയ Speaking of Siva-യിലൂടെയാണ് ആധുനികർ വചനങ്ങളെ അധികമായി അറിയാൻ തുടങ്ങിയത്. ഇതിൽ അക്കന്റെ അമ്പതു വചനങ്ങളും അല്ലമ പ്രഭു, ബസവണ്ണൻ, ഭാസിമയ്യ എന്നിവരുടെ തിരഞ്ഞെടുത്ത വചനങ്ങളുമാണുള്ളത്. നിത്യൻ (ഗുരു നിത്യചൈതന്യയതി) ഇതിൽനിന്നുള്ള പല ശ്ലോകങ്ങളും മലയാളത്തിലാക്കുന്നുണ്ടായിരുന്നു. ഒരിക്കൽ അവ നിത്യനൊത്ത് മൂലവുമായി ചേർത്തുവച്ചു പഠിക്കുമ്പോഴാണ് കന്നഡയിൽനിന്നു നേരിട്ടൊരു വിവർത്തനം നന്നായിരിക്കുമെന്ന പൊതുവഭിപ്രായമുണ്ടായത്. ഇരുപതു വർഷത്തിലധികമായി ഈ ശ്രമം തുടങ്ങിയിട്ടെന്നും ഇപ്പോഴെങ്കിലും ഇതു വെളിച്ചം കാണുന്നതിൽ വളരെ സന്തോഷവും ആശ്വാസവും ഉണ്ടെന്നും പറഞ്ഞുകൊണ്ട് അക്കന്റെ ജീവചരിത്രത്തിലേക്ക് കുറഞ്ഞൊന്നു പ്രവേശിക്കാൻ ശ്രമിക്കാം.

ചന്നമല്ലികാർജ്ജുനനെന്ന ശിവനോട് അക്കമഹാദേവിക്കുള്ള പാരസ്പര്യത്തിന്റെ തീവ്രതയാലാകണം, അക്കയെ ശ്രീപാർവ്വതിയുടെ അവതാരംതന്നെയായാണ് വീരശൈവർ കാണുന്നത്, അതുകൊണ്ടു തന്നെ ചരിത്രവസ്തുതകളും തീയതികളും അപ്രസക്തമാകുന്നു. എന്നാൽ, അക്ക വിവാഹംചെയ്തുവെന്നു വിശ്വസിക്കപ്പെടുന്ന കൗശികൻ പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണ്ണാടകത്തിലെ ‘ശിവമൊഗ’ ജില്ലയിലുണ്ടായിരുന്ന ഒരു ജൈനനാടുവാഴിയായിരുന്നുവെന്നതിനു രേഖകളുണ്ട്. അതിസുന്ദരിയായ മഹാദേവിയെക്കണ്ടു മോഹിച്ച കൗശികരാജാവ് വിവാഹം ചെയ്യാൻ ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും ശൈവപാരമ്പര്യം പിന്തുടർന്നിരുന്ന അവളുടെ മാതാപിതാക്കൾ വിസമ്മതിച്ചെന്നും എന്നാൽ അവരെ രാജകോപത്തിൽനിന്നും രക്ഷിക്കാനായി അക്ക വിവാഹത്തിനു സമ്മതിച്ചെന്നും വിശ്വസിക്കപ്പെടുന്നു. ബാല്യം മുതൽക്കുതന്നെ ശിവനെ സ്വയംവരിച്ചിരുന്ന മഹാദേവി മൂന്നു നിബന്ധനകളോടെയാണ് കൗശികനു വിവാഹസമ്മതം കൊടുത്തത്.

ഒന്ന്, താൻ സ്വന്തം ഇച്ഛപോലെ ശിവധ്യാനത്തിലേർപ്പെടും; രണ്ട്, സ്വന്തം ഇച്ഛപോലെ ശിവശരണരുമൊത്തു സമയം കഴിക്കും; മൂന്ന്, സ്വന്തം ഇച്ഛപോലെ ഗുരുസേവയിൽ ഏർപ്പെടും. തന്റെ ഈ മൂന്നു നിബന്ധനകൾ കൗശികരാജാവ് ലംഘിക്കാത്തിടത്തോളം താൻ അദ്ദേഹത്തിന്റെ കൂടെ കഴിയും; അവ തെറ്റിച്ചാൽ സ്വതന്ത്രയായി ജീവിക്കും. മഹാദേവിയുടെ ആ ഉടമ്പടി രാജാവ് അംഗീകരിച്ചു. അവ വളരെ പ്രയാസപ്പെട്ടുതന്നെ പാലിച്ചുപോരവേ ഒരിക്കൽ, ഭിക്ഷാംദേഹിയായ ഒരു ജംഗമൻ (ശൈവഭിക്ഷു) കൊട്ടാരത്തിൽ വന്നു. മഹാദേവി അപ്പോൾ വിശ്രമിക്കയായിരുന്നതിനാൽ ഉണർത്തേണ്ടതില്ലെന്നു രാജാവ് ഭൃത്യരോടു പറഞ്ഞത് അവർ അനുസരിച്ചെങ്കിലും ഉണർന്നുവന്ന മഹാദേവി ഇനി രണ്ടു കരാറുകളേ ശേഷിക്കുന്നുള്ളുവെന്നു രാജാവിനോടു പറഞ്ഞു.

കുറച്ചുനാൾ കഴിഞ്ഞ്, ധ്യാനത്തിൽ മുഴുകിയിരുന്ന മഹാദേവിയെക്കണ്ട് ആസക്തനായി രാജാവ് അവളെ കയറിപ്പുണർന്നപ്പോൾ, ഇനിയും ഒരു കരാർ മാത്രമേ തനിക്കും സ്വാതന്ത്ര്യത്തിനുമിടയിൽ ഉള്ളൂവെന്ന് മഹാദേവി കൗശികനെ ഓർമ്മിപ്പിച്ചു. മറ്റൊരിക്കൽ, കൗശികനുമൊത്ത് മഹാദേവി കിടപ്പറയിലായിരിക്കുമ്പോൾ അവളുടെ ദീക്ഷാഗുരു കൊട്ടാരത്തിലേക്കു വന്നു. ഗുരു വന്നതറിഞ്ഞ് സ്വീകരിക്കാൻ ഓടിച്ചെന്ന മഹാദേവിയോടു ഗുരു, ‘പോയി വസ്ത്രം ധരിച്ചിട്ടു വരൂ മകളെ’ എന്നു പറഞ്ഞതനുസരിച്ച് ദേവി കിടപ്പറയിലേക്ക് മടങ്ങിയെങ്കിലും കുപിതനായ രാജാവ്, ‘മഹാശരണയായ നിനക്ക് ഉടുതുണിയെന്തിന്”, എന്നുചോദിച്ച് വസ്ത്രം കൊടുക്കാൻ വിസമ്മതിച്ചു. അപ്പോൾ മഹാദേവി മൂന്നു നിബന്ധനകളും ലംഘിക്കപ്പെട്ടിരിക്കുന്നുവെന്നും ഇനി താൻ പൂർണ്ണസ്വതന്ത്രയാണെന്നും രാജാവിനോടു പറഞ്ഞിട്ട് കൊട്ടാരം വിട്ടിറങ്ങിയെന്നു പറയപ്പെടുന്നു.

ഒരു യുവതിക്ക് നഗ്നയായി തെരുവിലിറങ്ങി നടക്കുകയെന്നത് അചിന്ത്യമായിരിക്കുന്ന ഇക്കാലത്ത്, എട്ടു നൂറ്റാണ്ട് മുമ്പ് അങ്ങനെ ചെയ്യാൻ ഒരുമ്പെട്ട മഹാദേവി വളരെ പ്രസക്തമായ ചില സമസ്യകൾ നമുക്കുമുന്നിൽ ഉയർത്തുന്നുണ്ട്. എന്തുകൊണ്ടാണ് ശരീരം നമുക്കു ലജ്ജാവഹമായിത്തീർന്നിരിക്കുന്നത്? ആദവും ഹവ്വയും നന്മ-തിന്മകളുടെ കനി പറിച്ചുതിന്നുന്നതോടെ അത്തിയിലകൾകൊണ്ട് സ്വയം മറയ്ക്കാൻ മാത്രം നാണിച്ചുപോകുന്നത് എന്താണ്? അതുമുതൽ ഇങ്ങോട്ട് എന്തെല്ലാംതരം ‘നാണങ്ങൾ’ നമുക്കു മറച്ചുവെയ്ക്കേണ്ടി വരുന്നു? കൊട്ടാരം വിട്ടിറങ്ങി നടക്കുന്ന അക്കമഹാദേവി പൂക്കളോടും കിളികളോടും തുമ്പികളോടുമെല്ലാം തന്റെ ചന്നമല്ലികാർജ്ജുനൻ എവിടെയാണെന്ന് അന്വേഷിക്കുന്നുണ്ട്. അക്കയുടെ ആ അന്വേഷണം അവസാനിക്കുന്നത് ഉള്ളതെല്ലാം തന്റെ പതിതന്നെയാണെന്ന തിരിച്ചറിവിലാണ്. അങ്ങനെ, എല്ലാ ശരീരവും ശിവന്റെയാണെന്ന നഗ്നസത്യത്തെ അറിയുന്ന അക്കയ്ക്ക് ആ ശരീരത്തിൽ ലജ്ജിക്കേണ്ടതായി യാതൊന്നുമില്ലെന്ന് സുവ്യക്തമാണ്. ശിവന്റെ ഉള്ളിലായവളാണ് താനെന്ന് അക്കതന്നെ ഒരിടത്ത് പറയുന്നുണ്ട്. ഇവിടെ, താനായിരിക്കുന്ന ഉണ്മയുടെ പൂർണ്ണതയെ, വിശ്വവ്യാപകതയെ, അറിയുന്നതാണ് ഭയങ്ങളിൽനിന്നെല്ലാം അക്കയെ മോചിപ്പിക്കുന്നത്. ഇതിനുവിരുദ്ധമായി തന്റെ സ്വത്വത്തെ നന്മ-തിന്മകളുടെ സാപേക്ഷികതയിലൂടെ, ഉള്ളതിൽനിന്നെല്ലാം അന്യവൽക്കരിച്ച്, കാണുന്ന അശ്ലീലത്തിൽനിന്നാണ് ഭയങ്ങളും നാണങ്ങളുമെല്ലാം ഉടലെടുക്കുന്നത്. ദൈവരാജ്യത്തിൽ (ഏദൻ തോട്ടത്തിൽ) തങ്ങളെന്നു പ്രവേശിക്കുമെന്നു ചോദിക്കുന്ന ശിഷ്യരോട് യേശു, ‘നിങ്ങൾ എന്നു ശിശുക്കളെപ്പോലെ ഉടുതുണികൾ ഉരിഞ്ഞു കളഞ്ഞിട്ട്, അവയുടെ മേൽ നൃത്തം ചവിട്ടുമോ, അന്നു നിങ്ങൾ ദൈവരാജ്യത്തിൽ പ്രവേശിക്കും’ എന്നാണ് മറുപടി പറയുന്നത് (തോമസിന്റെ സുവിശേഷം, വചനം: 37).

ജൈനരിലെ തീവ്ര ആദ്ധ്യാത്മികപാരമ്പര്യമുള്ള ‘ദിഗംബരരും’ അക്കയ്ക്കു പ്രചോദനം നൽകിയിരിക്കാം. കൊട്ടാരത്തിൽനിന്നും അനുഭവമണ്ഡപത്തിലേയ്ക്കാണ് മഹാദേവി പോകുന്നത്. വചനങ്ങളുടെ വിപ്ലവം ജ്വലിച്ചുനിന്ന കാലമായിരുന്നു അന്ന്. ബസവാദി ശരണരുടെ പ്രശസ്തിയും അതിന്റെ മൂർദ്ധന്യത്തിലായിരുന്നു. ഇതൊക്കെ മഹാദേവിയെ അങ്ങോട്ടാകർഷിച്ചിരിക്കണം. അവിടെയെത്തിയപ്പോൾ അദ്ധ്യക്ഷസ്ഥാനത്തിരുന്ന ഗുരു അല്ലമപ്രഭു, മഹാദേവിയോട് കർക്കശമായ ചോദ്യങ്ങൾ ചോദിക്കുന്നു: ‘നിന്റെ ഭർത്താവാര്?’ എന്നായിരുന്നു ആദ്യചോദ്യം. ‘ശിവനേ, നീയെന്റെ പതിയാകണമെന്ന് അനന്തകാലം തപിച്ചവൾ ഞാൻ...’ എന്ന സുപ്രസിദ്ധ വചനമായിരുന്നു ഉത്തരം. ‘ദേഹാഭിമാനം ഇല്ലാത്തവളെങ്കിൽ എന്തിനു മുടികൊണ്ടു ശരീരം മറയ്ക്കുന്നു’വെന്നതായിരുന്നു പ്രഭുദേവരുടെ അടുത്ത ചോദ്യം. ‘നെഞ്ചിൽ കാമദേവന്റെ മുദ്രയുള്ളത് കണ്ട് നിങ്ങൾക്ക് മനക്ഷോഭം ഉണ്ടായെങ്കിലോ എന്ന ശങ്കയാലാണ് താൻ മാറുമറച്ചതെന്നും, ചന്നമല്ലികാർജ്ജുനന്റെ ഉള്ളിലായവളെ ചോദ്യം ചെയ്യേണ്ടതില്ലെന്നും മറുപടി പറഞ്ഞ മഹാദേവിയെ അല്ലമപ്രഭു തന്റെ ജേഷ്ഠസഹോദരിയായി ഗണിക്കുകയും ‘അക്ക’ എന്നു വിളിക്കുകയും ചെയ്തു. അങ്ങിനെയാണ് മഹാദേവി ‘അക്കമഹാദേവി’യായത്. ബസവണ്ണനാകട്ടെ ‘എന്നെ പെറ്റ അമ്മ’ എന്നുപറഞ്ഞ് മഹാദേവിയുടെ സാക്ഷാത്കാരത്തിന്റെ ഔന്നത്യം അംഗീകരിക്കുകയാണ്. അക്കയ്ക്ക്, അല്ലമ്മപ്രഭുവിനോടും ബസവണ്ണനോടുമുള്ള പാരസ്പര്യവും അക്കയുടെ വചനങ്ങളിൽ പലയിടത്തും കാണാവുന്നതാണ്.

അക്കന്റെ ‘ചന്നമല്ലികാർജ്ജുനൻ’ എന്ന പദം ശ്രദ്ധിക്കേണ്ടതുണ്ട്. ‘ചന്ന’ എന്നാൽ ‘ചന്തമുള്ള’, ‘പ്രിയപ്പെട്ട’ എന്നൊക്കെയാണ് അർത്ഥം. ‘മല്ലിക’ മുല്ലപ്പൂവാണല്ലോ, ‘അർജ്ജുനൻ’ എന്നാൽ ‘വെളുത്തവൻ’ എന്നും. ശിവനിൽനിന്ന് ‘പാശുപതാസ്ത്രം’ നേടുവാൻ തപസ്സു ചെയ്ത അർജ്ജുനന്റെ യോഗ്യത പരീക്ഷിക്കാൻ ‘കിരാത’രായി ശിവപാർവ്വതിമാർ പ്രത്യക്ഷപ്പെട്ടെന്നും അർജ്ജുനനും ശിവനുമായി മത്സരിച്ചുനടന്ന ശരവർഷത്തിൽ ദേവി ഇടപെടുകയും, അർജ്ജുനനെയ്ത അമ്പുകൾ മുല്ലപ്പൂക്കളായി ശിവനെ മൂടുകയാൽ ശിവൻ മുല്ലപ്പൂപോലെ വെളുത്തെന്നും അങ്ങനെ ചന്നമല്ലികാർജ്ജുനനായെന്നുമാണ് ഐതിഹ്യം. ഏതായാലും ഇക്കഥയിലടങ്ങിയിരിക്കുന്ന സ്ത്രീത്വത്തിന്റെ ഇടപെടൽ ശ്രദ്ധേയമാണ്, സ്നേഹത്തിന്റെ ശക്തി, അന്യതയുടേയും മത്സരത്തിന്റെയും കൂരമ്പുകളെ എത്രയും തരളമായ മുല്ലപ്പൂക്കളാക്കുന്നു.

‘കവിത’ എന്നു നാം വിവക്ഷിക്കാറുള്ള ഒരർത്ഥവും ‘വചന’ത്തിനില്ല. ‘വാക്കു കൊടുക്കുക’ എന്ന അർത്ഥമാണുള്ളത്; ‘വചനഭ്രഷ്ടത്വം’ എങ്ങനെയും ഒഴിവാക്കേണ്ടതുമാണ്. വൃത്തം, ഛന്ദസ്സ്, എന്നൊന്നും കെട്ടിയൊതുക്കാനാവാത്തപോലെയായിരുന്നു വചനത്തിന്റെ തിരതള്ളൽ. പ്രഥമവചനകാരനായി അറിയപ്പെടുന്നത് പത്താം നൂറ്റാണ്ടുകാരനായ ദാസിമയ്യയാണ്. പകുതിയെങ്കിലും വചനങ്ങൾ ചോദ്യങ്ങൾക്കോ സന്ദർഭങ്ങൾക്കോ ഉള്ള പ്രതികരണങ്ങളാണ്. ഇവയധികവും ‘ശൂന്യസമ്പാദനെ’ എന്നറിയപ്പെടുന്ന ഗ്രന്ഥാവലികളിലുൾപ്പെടുന്നവയാണ്. വിവർത്തനങ്ങളിൽ മാത്രമല്ല, മൂലത്തിലും അർത്ഥം ഗ്രഹിക്കാൻ പ്രയാസമുള്ള പല വചനങ്ങളുമുണ്ട് ഇക്കൂട്ടത്തിൽ. ഉദാഹരണത്തിന് ‘രണ്ടിനും വിട്ട കിടാവിനെപ്പോലെ’ എന്നുള്ള വചനം. അതിനെക്കുറിച്ച് കന്നഡപണ്ഡിതരോടു പലരോടും ചോദിച്ചെങ്കിലും ആർക്കും അസന്ദിഗ്ദ്ധമായി ഒരുത്തരവും പറയാനില്ല. എന്നാൽ ഏതകിട്ടിൽനിന്ന് മുലകുടിക്കണം എന്നു ശങ്കിച്ചു നിൽക്കുന്ന ഒരു പശുക്കുട്ടിയെ സങ്കൽപ്പിക്കുമ്പോൾ നമുക്ക് ഉഭയങ്ങൾക്കിടയിൽപ്പെട്ടു കുഴയുന്ന സ്വന്തം മനസ്സിന്റെ അവസ്ഥതന്നെ ഓർമ്മവരുന്നു.

വചനങ്ങൾ മലയാളത്തിലാക്കുന്നതിൽ ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെട്ടത് രണ്ടുഭാഷകളുടെ സാമ്യം മൂലമാണ്. കന്നഡയും മലയാളവും തമ്മിൽ വ്യത്യസ്ഥതകളെക്കാൾ സമാനതകളാണുള്ളത്. ചില സന്ദിഗ്ദ്ധതകൾ അടിക്കുറിപ്പുകളായി കൊടുത്തിട്ടുണ്ട്. മൂലവചനങ്ങളിലെ ഭാഷയെ കഴിവതും അങ്ങനെ തന്നെ മലയാളത്തിലാക്കാനുള്ള ശ്രമമാണ് വായനാനുഭവത്തെ ബാധിക്കാനിടയുള്ള മറ്റൊരു കാര്യം. ‘ഗണ്ട’ എന്ന കന്നഡപദം ഭർത്താവ് എന്നർത്ഥമുള്ളതാണ്. കണ്ടൻ എന്നതാണ് തത്തുല്യമായ മലയാള പദം. ഗണ്ടൻ വരുന്ന ഓരോ വചനവും ‘കണ്ട’നായി എന്നെ പ്രലോഭിപ്പിച്ചെങ്കിലും ‘ഭർത്താവ്’ എന്നുതന്നെയാണ് ഈ കൃതിയിൽ വിവർത്തനം ചെയ്തിട്ടുള്ളത്. ‘വേശ്യ’ എന്നർത്ഥമുള്ള ‘സൂളെ’യാണ് സമാനമായ മറ്റൊരു പദം. ‘ചൂല’ (വേശ്യ) എന്ന് മലയാളം നിഘണ്ടുവിലുണ്ടെങ്കിലും ‘വേശ്യ’ എന്നുതന്നെ ഒത്തുതീർപ്പാക്കുകയായിരുന്നു ഒടുവിൽ. ‘അംഗം-ലിംഗം’, ‘ഭക്തൻ-ഭവി’ തുടങ്ങിയ ദ്വന്ദങ്ങളെ കഴിവതും അക്ക ഉപയോഗിച്ചരീതിയിൽത്തന്നെ മലയാളത്തിലാക്കിയിട്ടുണ്ട്. ‘ലിംഗാംഗസാമരസ്യം’ (ലിംഗവും അംഗവും ഒരേ രസമുള്ളതാകൽ) ആണ് സാധനയുടെ ലക്ഷ്യം.

ഗുരു-ലിംഗം-ജംഗമൻ എന്ന വാക്കുകൾ പലവുരു വചനങ്ങളിൽ കാണാവുന്നതാണ്. ‘വീരശൈവ’ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം തന്നെ ആയിരിക്കുന്ന ഈ വാക്കുകളെ കുറഞ്ഞൊന്നു മനസ്സിലാക്കുന്നത് നന്നായിരിക്കും. ‘ഗുരു’ എന്നാൽ ‘ഇരുട്ടിനെ ഇല്ലാതാക്കുന്നത്’ എന്നാണർത്ഥം. അറിവുവെളിച്ചം ശിഷ്യരിൽ സഹജമായുള്ളതാണ്, ജീവിതത്തിലെ വ്യാവഹാരികതകളുണ്ടാക്കുന്ന ആശയക്കുഴപ്പത്തെ-ഇരുട്ടിനെ അകറ്റുകയേ ഗുരു ചെയ്യുന്നുള്ളൂ. സോക്രട്ടീസ്, ഗുരുവിനെ ഒരു വയറ്റാട്ടിയോടാണ് ഉപമിക്കുന്നത്. സ്വാർത്ഥചിന്തയേതുമില്ലാത്ത, ത്യാഗിയായ, ഗുരുവിന് ശിഷ്യനെ പൂർണ്ണബോധത്തിലേയ്ക്കു നയിക്കുകയെന്നല്ലാതെ മറ്റൊരുദ്ദേശവുമില്ല. ഗുരുവിന്റെ അനുജ്ഞയില്ലാത്ത ഒരു ജ്ഞാനവും സുനിശ്ചിതമല്ല. സാധകന്റെ (ശിഷ്യയുടെ) മനകല്പിതമായ വിഭ്രാന്തികളിൽനിന്നും മോഹങ്ങളിൽനിന്നും ഇതയാളെ രക്ഷിക്കുന്നു. ഗുരു, ജ്ഞാനത്തിന്റെ, ‘രഹസ്യ’ങ്ങളിലേക്ക് ശിഷ്യനെ ‘ദീക്ഷി’തനാക്കുന്നു. ആ രഹസ്യങ്ങൾ ആരും ഒളിച്ചുവെക്കുന്നുവെന്നല്ല, എല്ലാവരും തിരിച്ചറിയുകയോ കാണുകയോ ചെയ്യാത്തതുകൊണ്ടു മാത്രം ‘രഹസ്യ’ങ്ങളായിരിക്കുന്നവയാണ്.

വീരശൈവദീക്ഷയിൽ ഗുരു ശിഷ്യന് ഒരു ‘ലിംഗം’ നൽകുന്നു. ‘ലിംഗ’മെന്നാൽ ‘അടയാളം’. വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരു പ്രതീകമാണ് ശിവലിംഗം. സ്ത്രീപുരുഷരുടെ നിത്യമായ ഒരുമയുടെ പ്രതീകമായ ‘ലിംഗ’ത്തിന് പല മാനങ്ങളുമുണ്ട്. പലപ്പോഴും അതൊരു ജ്യോതിർലിംഗമാണ്. ബൈബിളിലെ പഴയ നിയമത്തിൽ കല്ലു തലയിണയാക്കി ഉറങ്ങിയ ‘യാക്കോബ്’ ഒരു സ്വപ്നം കാണുന്നു. സ്വപ്നത്തിൽ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഒരു ‘ഗോവണി’യാണ് യാക്കോബ് കാണുന്നത്. ഉറക്കമുണർന്ന യാക്കോബ്, കല്ലു നിവർത്തിവച്ച്, അതിനെ എണ്ണകൊണ്ട് ‘അഭിഷേകം’ ചെയ്യുന്നു (ഇന്നും ശിവഭക്തർ ചെയ്യുന്നതുപോലെതന്നെ) ഭൂമിയെയും സ്വർഗ്ഗത്തെയും കൂട്ടിയിണക്കുന്ന, അന്നം മുതൽ ആനന്ദം വരെ നീളുന്ന ഒരു മൂല്യവ്യസ്ഥയെയാണിത് അടയാളപ്പെടുത്തുന്നത്. ഗുരു നൽകുന്ന ലിംഗരൂപം ജീവിതതത്വങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന അറിവിന്റെ പ്രതീകമാണ്. ആരും ജന്മനാ വീരശൈവരാകുന്നില്ല. ഗുരുവിനാൽ ദീക്ഷിതനായാലേ ‘വീരശൈവ’നാകുകയുള്ളൂ.

‘ജംഗമ’നെന്നാൽ ‘വന്നുംപോയും’ ഇരിക്കുന്നവൻ തത്വത്തിൽ ‘സ്ഥാവര’ത്തിന്റെ മറുവശമാണ്. ‘ലിംഗം’ സ്ഥാവരമെങ്കിൽ, മുക്തനായി ചരിക്കുന്ന ദീക്ഷിതൻ ‘ജംഗമ’നാണ്. ‘വാക്കും അർത്ഥവും’ ഒരുമിക്കുന്നത് ‘ജംഗമ’നിലാണ്. അതിനാൽത്തന്നെ ‘ജംഗമൻ’ പൂജനീയനാണ്. ‘വഴിപോക്ക’രായിത്തീരാൻ യേശുവും ശിഷ്യരെ ഉപദേശിക്കുന്നുണ്ട്.

കർണ്ണാടകത്തിലെ ഗ്രാമങ്ങളിൽ വസിക്കുമ്പോൾ ‘വാമൊഴി’യായിത്തന്നെയാണ് ഞാൻ ആദ്യമായി ‘വചനങ്ങൾ’ കേട്ടത്. ഇന്നും വചനങ്ങളും കീർത്തനങ്ങളും പാടി അലയുന്ന ധാരാളം ‘സാധുക്കൾ’ കർണ്ണാടകത്തിലെ ഗ്രാമങ്ങളിലുണ്ട്. ഇവരിൽ ‘നിരക്ഷര’രായവർക്കുൾപ്പെടെ നൂറുകണക്കിന് പാട്ടുകൾ ഹൃദിസ്ഥമാണ്. ഈ പാട്ടുകൾ കേൾക്കുമ്പോൾ അവയുടെ വഴികൾ പലപ്പോഴും തെളിഞ്ഞും മറഞ്ഞും എന്റെ ഉള്ളിലും മുഴങ്ങുന്നതായി എനിക്ക് അനുഭവപ്പെട്ടതിനാലാണ് ഞാൻ ഈ വിവർത്തനത്തിന് മുതിർന്നത്.

ഇത്രയും ആമുഖമായിപ്പറഞ്ഞുകൊണ്ട്, പ്രിയ വായനക്കാരേ, അക്കമഹാദേവിയെ ഞാൻ നിങ്ങളുടെ കൈയിലേൽപ്പിക്കുന്നു...

വിനയചൈതന്യ

## വിനയ ചൈതന്യ



മൂവാറ്റുപുഴയിൽ ജനിച്ചു. വിദ്യാർത്ഥിയായിരിക്കേ നടരാജഗുരുവിനെ കണ്ടുമുട്ടിയതു മുതൽ ഗുരുവിന്റെ അന്തേവാസിയായി കഴിയുന്നു.

ഗുരുവിൽ നിന്ന് ബ്രഹ്മചര്യ-ഗാർഹസ്ഥ്യ ദീക്ഷകളും ഗുരു നിത്യചൈതന്യയതിയിൽ നിന്ന് വാനപ്രസ്ഥ-സന്ന്യാസ ദീക്ഷകളും കൈക്കൊണ്ടു.

1973 മുതൽ 2009 വരെ ബാംഗ്ലൂർ നാരായണഗുരുകുലത്തിന്റേയും ഈസ്റ്റ് വെസ്റ്റ് യൂണിവേഴ്സിറ്റി ഓഫ് ബ്രഹ്മവിദ്യയുടെ സൗന്ദര്യശാസ്ത്രപഠന വിഭാഗത്തിന്റേയും അദ്ധ്യക്ഷനായിരുന്നു. ഇപ്പോൾ അധ്യാശ്രമിയും പരിവ്രാജകനുമാണ്.

### കൃതികൾ:

Songs for Siva, അക്കമഹാദേവിയുടെ വചനങ്ങളുടെ ഇംഗ്ലീഷ് വിവർത്തനം, Bouquet of Meditation, ദൈവദശകം-നാരായണഗുരു ജീവചരിത്രം, (കന്നഡ) തോമസിന്റെ സുവിശേഷം, മിലരേപ (വിവർത്തനം) എന്നിവയാണ് മറ്റു കൃതികൾ.

ചിത്രങ്ങൾ: വി. മോഹനൻ

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.